# LITTLE FLOWER HIGH SCHOOL
## CHEMMALAMATTOM




# ACADEMIC MASTER PLAN
## 2025-2026

# 2025-2026

# Academic Master Plan

## L.H.S. Chemmalamattom

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കോട്ടയം |
| സ്കൂൾ കോഡ് | : | 32005 |
| സ്കൂളിന്റെ പേര് | : | LFHS ചെമ്മലമറ്റം |
| മേൽവിലാസം | : | ചെമ്മലമറ്റം |
| പിൻകോഡ് | : | 686508 |
| ഫോൺ നമ്പർ | : | 9446796238 |
| ഇ-മെയിൽ അഡ്രസ്സ് | : | lfhschemmalamattam@gmail.com |
| ഗ്രാമപഞ്ചായത്ത് | : | തിടനാട് |
| വിദ്യാഭ്യാസജില്ല | : | കാഞ്ഞിരപ്പള്ളി |
| സബ് ജില്ല | : | ഈരാറ്റുപേട്ട. |
| ക്ലാസ്സുകൾ | : | 1 - 10 വരെ |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠനമാധ്യമം | : | മലയാളം , ഇംഗ്ലീഷ് |

# ആമുഖം

ആയിരങ്ങൾക്ക് അക്ഷരവെളിച്ചത്തിന്റെ ഉജ്ജ്വലശോഭ പകർന്നു നൽകി, ചെമ്മലമറ്റം ഗ്രാമത്തിന് അഭിമാനമായി നിലകൊള്ളുന്ന സരസ്വതിക്ഷേത്രമാണ് ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ. ചെമ്മലമറ്റം ഇടവകയിലെ പൂർവ്വകാല വൈദിക ശ്രേഷ്ഠരുടെയും ജനങ്ങളുടെയും ദീർഘവീക്ഷണവും സഹകരണമനോഭാവവുമാണ് ഈ സ്കൂളിന്റെ രൂപീകരണത്തിനും നാളിതുവരെയുള്ള പുരോഗതിയ്ക്കും അടിസ്ഥാനശിലയായി മാറിയത്.

ഈരാറ്റുപേട്ട – കാഞ്ഞിരപ്പള്ളി റോഡിൽ ഈ വഴിയോടെ ശിരസ്സുയർത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയം അറിവിന്റെ വെളിച്ചവും അക്ഷരവിദ്യയും തലമുറകൾക്ക് നിർലോഭം പകർന്നുനൽകിക്കൊണ്ടിരിക്കുകയാണ്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ആയിരത്തിലേറെ വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയിൽ തുടർച്ചയായി 100% വിജയം ലഭിച്ചുകൊണ്ടിരിക്കുന്നു. പാഠ്യ- പാഠ്യേതരപ്രവർത്തനങ്ങളിലും കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. നമ്മുടെ വിദ്യാലയം ചെമ്മലമറ്റം ഗ്രാമത്തിന്റെ തിലകക്കുറിയായി നിലനിൽക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിൽ അക്കാദമിക നിലവാരത്തിൽ ഒന്നാം സ്ഥാനത്തേയ്ക്ക് കുതിച്ചെത്തിയ സ്കൂൾ പാഠ്യേതര രംഗത്തും ഏറെ മികവ് പുലർത്തുന്നു. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമികം - നേട്ടങ്ങൾ

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേയ്ക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പരിഹാരാത്മക രീതിയിൽ ആസൂത്രണം നടത്തുന്നു. K.C.S.L., സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി., നല്ലപാഠം, സീഡ് തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ, ക്ലബ്ബുകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ സ്കൂൾ ഇന്നൊവേഷൻ മാരത്തോണിൽ 3 കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചു. ഡൽഹിയ്ക്ക് പോകാൻ അവസരം ലഭിച്ചു. ദീപിക എക്സലൻസ് അവാർഡ്, പാലാരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി ഏർപ്പെടുത്തിയ ലൂമിനറി എക്സലൻസ് അവാർഡ് 2025 എന്നിവയും കരസ്ഥമാക്കി. 5 കുട്ടികൾ LSS, 6 കുട്ടികൾ USS ഉം കരസ്ഥമാക്കി വിജയഗാഥ തുടരുന്നു.

## അക്കാദമികം – പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ മികച്ച വിജയം നേടുന്നവെങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേയ്ക്കുയർന്നില്ലായെന്നത് പരിമിതിയാണ്. പ്രത്യേകമായി, യു.പി. ക്ലാസ്സ്മുറികളൊന്നും ഹൈടെക് അല്ല. പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി.എ. സഹകരണത്തോടെയും ഹൈസ്കൂൾ ക്ലാസ്മുറികൾ ടൈൽസ് പാകി ഒരുക്കാൻ കഴിഞ്ഞെങ്കിലും മറ്റ് ക്ലാസ്സ്മുറികൾ കൂടി മെച്ചപ്പെടേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യശാസ്ത്രലാബ്, വായനശ്ശാലയൊരിടം എന്നിവ പ്രത്യേകമായില്ല. അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക, പ്രവർത്തിച്ച് പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ പൂർത്തിയാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ക്ലാസ്സ്മുറികൾ ഹൈടെക് ആക്കാനും കമ്പ്യൂട്ടറുകൾ എണ്ണത്തിൽ കൂട്ടി ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽനിന്നും പൂർവ്വ വിദ്യാർത്ഥികളിൽനിന്നും പൂർവ്വ അദ്ധ്യാപകരിൽനിന്നും അഭ്യുദയകാംക്ഷികളിൽനിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഭൗതികം - നേട്ടങ്ങൾ

നിലവിൽ ഹൈടെക് ക്ലാസ്മുറികൾ ടൈൽസ് പാകി മോടിപിടിപ്പിച്ചു. ATL Lab യുവശാസ്ത്രപ്രതിഭകളെ വാർത്തെടുക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനാവശ്യമായ 'ഷീസ് വെയിറ്റിംഗ് റൂം' ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരുക്കിയത് ഏറെ ഗുണം ചെയ്യുന്നു. 15 കംപ്യൂട്ടറുകളുള്ള H.S. ഐ.ടി ലാബ് സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ്. നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യാനാകുന്ന ശാസ്ത്രലാബുകൾ സ്കൂളിന്റെ നേട്ടങ്ങളിൽപ്പെടുന്നു. സ്റ്റാഫ് റൂം നവീകരിക്കുന്നതിന്റെ ഭാഗമായി 28 മേശയും കസേരയും ലഭ്യമാക്കി. LP കുട്ടികൾക്ക് പഠനത്തോടൊപ്പം മാനസികോല്ലാസത്തിനും അവസരം നൽകുന്നതിനായി കിഡ്സ് പാർക്ക് സജ്ജീകരിച്ചു. ഹൈസ്കൂൾ ക്ലാസ്മുറികളിൽ കുട്ടികൾക്ക് കൂടുതൽ ഇരിപ്പിടങ്ങളൊരുക്കി. Wash area ടൈൽ പാകി മോടിപിടിപ്പിച്ചു. ഉച്ചഭക്ഷണം വിളമ്പുന്ന ഇടം റൂഫ് ചെയ്ത് വൃത്തിയാക്കി. യു.പി. ക്ലാസുകളിലെ കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബുള്ളറ്റിൻ ബോർഡ് ക്രമീകരിച്ചു. മഴമാപിനി, ടെലിസ്കോപ്പ് മുതലായവ സാമൂഹ്യശാസ്ത്രക്ലബ്ബുകൾക്ക് മുതൽക്കൂട്ടാണ്.

## ഭൗതികം - പരിമിതികൾ

ഹൈസ്കൂളിൽ നിലവിലുള്ള HS വിഭാഗം 10 ക്ലാസ് മുറികളിൽ 3 ക്ലാസ് മുറികൾ ടൈൽസ് പാകിയിട്ടില്ല. UP ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേയ്ക്കുയരണം.

ലൈബ്രറിയിൽ പതിനായിരത്തിലധികം പുസ്തകങ്ങളുണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ കുട്ടികൾക്ക് ഇരുന്ന് വായിക്കാനുള്ള റീഡിംഗ് റൂം സൗകര്യമില്ലാത്തത് വലിയൊരു പ്രശ്നമാണ്. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വിജയപഥത്തിലെത്തണം. ലാംഗ്വേജ് ലാബ് പ്രവർത്തനനിരതമാകണമെങ്കിൽ ഹെഡ്ഫോൺ ലഭ്യമാക്കേണ്ടതുണ്ട്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനികസൗകര്യത്തോടുകൂടിയ ഭോജനശാല നിർമ്മിക്കണം. ഇതിനു ആവശ്യത്തിനു ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാക്കണം.

ആകർഷകമായ വിധത്തിൽ ജൈവവൈവിധ്യപാർക്ക് ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം

നൽകാൻ (ഉപകരണസംഗീതമുൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം.

സ്കൗട്ട്, ഗൈഡ്, JRC തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂണിഫോം, മറ്റ് സാധനസാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം റൂം സൗകര്യമുണ്ടാകേണ്ടതുണ്ട്. കുട്ടികളുടെ കായികവിനോദത്തിനായുള്ള കളിസ്ഥലം ഒരുക്കേണ്ടതുണ്ട്. കായികപഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

## സാമൂഹികം - നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

## സാമൂഹികം - പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

# പൊതുലക്ഷ്യങ്ങൾ

* സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും അവന്റെ കഴിവിനും അഭിരുചിയ്ക്കുമനുസരിച്ച് ഒരു തൊഴിലെങ്കിലും ലഭ്യമാകുന്ന വിധത്തിൽ കുട്ടി നേടേണ്ട പഠനശേഷികൾ കൈവരിക്കാൻ പറ്റിയ കരുതലുകൾ നൽകും.

* സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

* കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങളും അവസരങ്ങളും നൽകും.

* കലാകായികരംഗങ്ങളിൽ കുട്ടികളുടെ മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കും.

* ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഊർജ്ജിതമാക്കും.

* ലാബ് ശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കും.

* ICT സാധ്യതകൾ പരിപോഷിപ്പിക്കുന്നതിന് ഓരോ ക്ലാസിലെയും, വിഷയങ്ങളുടെയും പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. കുട്ടികൾക്ക് പരിശീലനം നൽകും.

* ATL ന്റെ പ്രവർത്തനത്തിൽ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളിക്കുകയും പരമാവധി കുട്ടികളെ ചിന്തനയ്ക്കുകയും ചെയ്യും.
* ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്യും.
* പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. എല്ലാ കുട്ടികളും ഏതെങ്കിലുമൊരു ക്ലബ്ബിൽ അംഗങ്ങളായിരിക്കും.
* കുട്ടികൾക്ക് സ്വാശ്രയശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
* ലഹരിവിരുദ്ധ കാമ്പസ് നിലനിർത്തുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യും.
* ഊർജ്ജസംരക്ഷണപ്രവർത്തനങ്ങൾ – സ്കൂൾ പ്ലാസ്റ്റിക് രഹിത മാലിന്യമുക്ത കാമ്പസ് ആയി നിലനിർത്തും.
* വ്യക്തിപരിസരശുചിത്വ പ്രവർത്തനങ്ങൾ പ്രക്ഷിപ്പെട്ടുത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും.
* റെഡ് ക്രോസ്, സ്കൗട്ട്, ഗൈഡിങ്ങ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ സേവനപ്രവർത്തനങ്ങൾ, മാനവികത, ലഹരിക്കെതിരെ, സീറോ പ്ലാസ്റ്റിക് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
* കുട്ടികളുടെ മാനസികാരോഗ്യത്തിന് സഹായകമായ കൗൺസിലിംഗ് സംവിധാനങ്ങളും പ്രവർത്തനങ്ങളും നൽകും.

* കുട്ടികൾക്ക് കൂട്ടുകൂടാനും, വിശ്രമിക്കാനും, കളിക്കാനും, പരിശീലനത്തിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

* ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസ പദ്ധതികളും സ്ത്രീശാക്തീകരണം, സ്ത്രീസുരക്ഷ എന്നിവയ്ക്കുള്ള പദ്ധതികളും നടപ്പിലാക്കും.

* കുട്ടികളിൽ മാനവികത, സാഹോദര്യം, ക്ഷമ, പങ്കുവയ്ക്കൽ ഊന്നലായവവഴി മികച്ച പൗരനാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശത്തിനായുള്ള ക്ലാസ്സുകൾ നൽകും.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസനലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം.
* ഗണിതശേഷി വികസനം.
* ഇംഗ്ലീഷ് പഠനം – അനായാസകരമാക്കൽ
* വായനാശേഷി വർദ്ധിപ്പിക്കൽ.
* ശാസ്ത്രപോഷണ പരിപാടി
* ലബോറട്ടറി നവീകരണം – ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം.
* പ്രതിഭാപോഷണ പരിപാടി.
* ലൈബ്രറി ശാക്തീകരണം.
* ജൈവവൈവിധ്യപാർക്ക് ഒരുക്കൽ.
* സ്കോളർഷിപ്പ് പരീക്ഷാപരിശീലനം.
* പഠനയാത്രകൾ.
* സ്കൂൾ പത്രം, മാസിക, ചിൽഡ്രൻസ് ഡൈജസ്റ്റ്
* അദ്ധ്യാപക ശാക്തീകരണം – സ്കൂൾ SRG തലം.
* പ്രവൃത്തി പരിചയ പരിശീലനം.
* കലാപരിപോഷണം.
* പച്ചക്കറിത്തോട്ടം.
* സാഹിത്യശില്പശാലകൾ
* മെഡിക്കൽ ക്യാമ്പുകൾ

* രക്തഗ്രൂപ്പ് നിർണ്ണയം.
* ഉച്ചഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ.
* ഭാഷാലാബ്.
* ദിനാചരണങ്ങൾ – ശക്തിപ്പെടുത്തൽ.
* ഗവേഷണാത്മക പഠനം.
* കായികശേഷി വികസനം.
* വിലയിരുത്തൽ കാര്യക്ഷമമാക്കൽ.
* ചോദ്യപേപ്പർ ശില്പശാല
* ഐ.ടി. പഠനം – കാര്യക്ഷമമാക്കൽ.
* ജന്മദിന പുസ്തകം.
* ചിത്രരചനാ ക്യാമ്പ്
* ശാസ്ത്ര, ഗണിതശാസ്ത്ര, സോഷ്യൽസയൻസ്, ഐ.ടി. പ്രവൃത്തിപരിചയമേളകൾ.
* ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ.

# അക്കാദമിക പ്രവർത്തനങ്ങൾ

## മാതൃഭാഷ

എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു, എഴുതുന്നു എന്ന് ഉറപ്പുവരുത്തും.

എല്ലാ കുട്ടികൾക്കും മികച്ച ആശയവിനിമയം നടത്താനുള്ള കഴിവുകൾ ലഭിക്കത്തക്കവിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തും. സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകും.

ഭാഷാശേഷി വികാസത്തിൽ ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തും.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തി ഉപയോഗം ഫലപ്രദമാക്കും.

## ഹിന്ദി - ഇംഗ്ലീഷ് ഭാഷ

ഹിന്ദി, ഇംഗ്ലീഷ് ഭാഷ പ്രോത്സാഹിപ്പിക്കുന്നതിനായി പുസ്തകങ്ങൾ, മാസികകൾ എന്നിവ വായിക്കാനവസരമൊരുക്കും.

ഹിന്ദി, ഇംഗ്ലീഷ്, മലയാളം അസംബ്ലികൾക്ക് നേതൃത്വം നൽകും.

ഇംഗ്ലീഷ് ഭാഷാ ഉച്ചാരണശുദ്ധിക്കായി ലാംഗ്വേജ് ലാബുകൾ നടപ്പിൽ വരുത്തും.

## സയൻസ് ലാബ് ശാക്തീകരണ പദ്ധതികൾ

സയൻസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ ലാബിൽ ഉപകരണങ്ങൾ നടത്തുന്നു.

സയൻസ് ലാബിൽ പുതിയ ചാർട്ടുകൾ, വിവിധ ലോഹങ്ങൾ ഉൾപ്പെടുത്തുന്നു.

കെമിക്കൽസിനെല്ലാം പുതിയ ലേബലുകൾ നൽകും.

Lab-Incharge ആയി സയൻസ് ക്ലബ്ബിൽനിന്നും രണ്ട് കുട്ടികളെ കണ്ടെത്തും.

സാമൂഹ്യശാസ്ത്ര ലാബിലേയ്ക്കായി, Globe, വിവിധ ഭൂപടങ്ങൾ എന്നിവ ഉപകരിക്കും.

## IT സാധ്യതകൾ വികസിപ്പിക്കൽ

UP ക്ലാസ്സുകളിൽ കൂടി പ്രൊജക്ടർ ഘടിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

എല്ലാ കുട്ടികൾക്കും IT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കും.

## ഗണിതക്ലബ്ബ്

ഗണിതം ലളിതവും രസകരവുമായി കുട്ടികൾക്ക് അനുഭവപ്പെടുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യും.

## ഡയഗ്നോസ്റ്റിക്ക് ടെസ്റ്റ് റെമഡിയൽ ടീച്ചിംഗ്

ഓരോ കുട്ടിയ്ക്കും ഗണിതത്തിൽ വിഷമകരമായ ഭാഗം കണ്ടെത്തുന്നതിനായി ഓരോ ക്ലാസിലും ഡയഗ്നോസ്റ്റിക്ക് ടെസ്റ്റ് നടത്തി, ഓരോ കുട്ടിയുടെയും കുറവുകൾ മനസിലാക്കി പരിഹാരം കാണുന്നതിനായി റെമഡിയൽ ടീച്ചിംഗ് നടത്തുകയും ചെയ്യും.

## Short Term Activities

### Science

#### Science Workshop

ചെറിയ പരീക്ഷണങ്ങൾ ചെയ്യാനും കാണാനും അവതരിപ്പിക്കുവാനുമായി സ്കൂളിൽ സയൻസ് വർക്ക്ഷോപ്പ് നടത്തുന്നു.

Teaching materials - കുട്ടികൾ നിർമ്മിക്കുന്നു.
സയൻസ് എക്സിബിഷൻ സംഘടിപ്പിക്കുന്നു.
സയൻസ് സെമിനാർ കുട്ടികൾ അവതരിപ്പിക്കുക.
പരിസ്ഥിതി സർവ്വേ - പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.
ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു.
ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോയും ജീവചരിത്രവും പ്രധാന കണ്ടുപിടുത്തങ്ങളും അടങ്ങിയ ചാർട്ടുകൾ ക്ലാസ്റൂമുകളിൽ പ്രദർശിപ്പിക്കുക.

## Long Term Activities

സയൻസ് വിഷയത്തെ മറ്റ് വിഷയങ്ങളുമായി Correlate ചെയ്ത് അവതരിപ്പിക്കുന്നു.

കുട്ടികളെക്കൊണ്ട് ചോദ്യപേപ്പർ ചെയ്യിക്കുന്നു.

ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കുന്നു.

നേരിട്ടുള്ള പഠനാനുഭവത്തിന് പഠനയാത്രകൾ സംഘടിപ്പിക്കുക.

സയൻസ് മാഗസിൻ - വായനയെ പ്രോത്സാഹിപ്പിക്കുക, കുട്ടികളിൽ അന്വേഷണത്വര വർദ്ധിപ്പിക്കുക, എന്ന ലക്ഷ്യത്തോടെ സയൻസ് കൈയെഴുത്തുമാസിക തയ്യാറാക്കി അസംബ്ലിയിൽ പ്രകാശനം ചെയ്യുക.

## Maths - Short Term Activities

അടിസ്ഥാനഗണിത പരിശീലനയജ്ഞം

അടിസ്ഥാനഗണിതക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനപരിപാടികൾ തയ്യാറാക്കി അവരെ മുന്നാക്ക നിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ.

## Maths Talent Movement

ഗണിതത്തിൽ മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അങ്കഗണിതം, ജ്യാമിതി, ത്രികോണമിതി തുടങ്ങിയ ഗണിതമേഖലകളിൽ താല്പര്യവും അഭിരുചിയും

വർദ്ധിപ്പിക്കുന്നതിനായി വിവിധ ക്ലാസ്സുകളും സെമിനാറുകളും നടത്തും.

ഗണിതമേളയിലെ വിവിധ ഇനങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം കൊടുക്കുകയും സ്കൂൾ തലത്തിൽ ഗണിതമേളകൾ സംഘടിപ്പിക്കുകയും ചെയ്യും. ഇതിൽ മികവു പുലർത്തുന്നവരെ ഉപജില്ല / ജില്ല / സംസ്ഥാന തലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുപ്പിക്കും.

പിയർ മാത്സ് ടീം.

കുട്ടികൾ കുട്ടികളെ ഗണിതത്തിൽ സഹായിക്കുന്നതിനായി, ഓരോ ക്ലാസിലും ഗണിതത്തിൽ മിടുക്കരായ കുട്ടികൾ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായകരമായ വിധത്തിൽ മാത്സ് ടീം രൂപീകരിക്കുന്നു.

## മലയാളത്തിളക്കം

അക്ഷരമുറപ്പിക്കൽ : അക്ഷരങ്ങളും ചിഹ്നങ്ങളും വിവിധ കളികളിലൂടെ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

ദിനാചരണങ്ങൾ : വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.

എഴുത്ത് - വായനമത്സരങ്ങൾ : കൈയ്യക്ഷരം മെച്ചപ്പെടുത്തുന്നതിനും ഭാവാത്മകവായന പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള മത്സരങ്ങൾ നടപ്പിലാക്കും.

പുസ്തകാസ്വാദനം : കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ അസ്വാദനങ്ങൾ ശേഖരിച്ച് വിലയിരുത്തുന്നു. സമ്മാനങ്ങൾ നൽകുന്നു.

സാഹിത്യകാരന്മാരുമായുള്ള അഭിമുഖം :- നേരിട്ടും ഓൺലൈൻ വഴിയും കുട്ടികളുടെ പാഠപുസ്തകത്തിലെയും അതിനപ്പുറവുമുള്ള വിഷയങ്ങൾ സംബന്ധിച്ച് സാഹിത്യകാരന്മാരുമായി സംവദിക്കാനവസരമൊരുക്കുന്നു.

# UP

# വിഭാഗം

## ആമുഖം

2025-26 അധ്യയന വർഷത്തിൽ കുട്ടികളിൽ ഭാഷാശേഷി കൈവരിക്കേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യുകയും അതിൻപ്രകാരം ഈ വർഷം നേടിയെടുക്കേണ്ട നൈപുണികൾ കണ്ടെത്തുകയും അവ പോഷിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പൊതുലക്ഷ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

### പൊതുലക്ഷ്യങ്ങൾ

* ഭാഷയുടെ അടിസ്ഥാനശേഷി വികസിപ്പിക്കുക.
* കൃത്യമായ ആശയസംവേദനം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക
* കുട്ടികളിൽ വായനാശീലം വളർത്തുക
* ഭാഷാപരമായ നൈപുണി പരിപോഷിപ്പിക്കുക
* ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക.
* ആശയഗ്രഹണ വായനയ്ക്കുള്ള കഴിവ് വളർത്തുക.
* പ്രശ്നപരിഹരണ ശേഷി വളർത്തിയെടുക്കുക.
* സർഗ്ഗാത്മകത പോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
* ദിനപത്രവുമായി ഇടപഴകി, പൊതുവിജ്ഞാനം, ഭാഷാശേഷി വായന എന്നിവ പ്രോത്സാഹിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | * എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | ഭാഷാധ്യാപകർ |
| | * ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ഉച്ചാരണം എന്നിവ വളർത്തുന്നു. | ജൂൺ, ജൂലൈ | മലയാളം അധ്യാപകർ |
| | * വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ, ജൂലൈ | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| (2) പഠിതാവിന് അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക | * വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | എല്ലാദിവസവും | മലയാളം അധ്യാപകർ<br>ക്ലാസ്സ് അധ്യാപകർ |
| | * വാർത്തവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്<br>പ്രധാനാധ്യാപകൻ. |

| | | | |
|---|---|---|---|
| (3) സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടും കൂടുതൽ അനുകൂല മനോഭാവം വളർത്തുക വഴി | * സംവാദം / അഭിമുഖം / അസംബ്ലി<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാഹിത്യകാരൻമാരെ സ്കൂളിൽ കൊണ്ടുവരികയും ക്ലാസുകൾ നയിക്കുകയും, അഭിമുഖവും, സംവാദങ്ങളും നടത്തുകയും, Online വഴി പാഠപുസ്തകത്തിലെ സാഹിത്യകാരൻമാരുമായി സംവദിക്കാനും അവസരം അവസരം സൃഷ്ടിക്കുന്നു. അസംബ്ലിയിൽ കുട്ടികൾ തങ്ങൾ വായിച്ച ഒരു പുസ്തകത്തിന്റെ ആസ്വാദനം അവതരിപ്പിക്കുകയും ചെയ്യുന്നു. | വർഷത്തിൽ 2 പ്രാവശ്യം<br><br>പ്രതിമാസം | പ്രധാനാധ്യാപകർ<br>മലയാളം അധ്യാപകർ.<br>മലയാളം ക്ലബ് |
| (4) രചനാശേഷി പരിപോഷിപ്പിക്കൽ | * ഇ-മാഗസിൻ<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇ-മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ<br>പ്രധാനാധ്യാപകൻ<br>മലയാളം ക്ലബ് |

| | | | |
|---|---|---|---|
| (5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | * രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, സ്ക്രിപ്റ്റ്, സ്കിറ്റ് തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ. വിദഗ്ധരായ നാടകകലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തുന്നു. | | |
| (6) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പിന്തുണയ്ക്കാനുള്ള പ്രവർത്തനങ്ങൾ | * വെല്ലുവിളി - അതിജീവനം<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉച്ചരിക്കുന്നതിനുള്ള ചെറിയ കളികൾ, ചിത്രവായന വാക്കുകൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുക, ചിത്രസഹായത്തോടെ കഥ പൂർത്തിയാക്കുക | ദിവസവും | മലയാളം അധ്യാപകൻ<br>ക്ലാസ് ലീഡർ<br>സഹപാഠികൾ |

മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് മലയാളഭാഷയിലുള്ള വിടവുകൾ നികത്തി. ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നു. ഇത് പഠിതാവിന്റെ പഠനപ്രക്രിയയെ മികവുള്ളതാക്കി മാറ്റാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ENGLISH (U.P)

## Master plan - 2025-2026

| | | | |
|---|---|---|---|
| To encourage Listening & speaking<br>Introduce different genres [fiction, non-fiction poetry]<br>Enhance Vocabulary.<br>Enhance listening skills. | Interactive story telling sessions and discussing themes, characters, plots to enhance listening skills.<br>Group discussions and role-play to improve speaking skills.<br>Vocabulary games and exercise to build word knowledge. | June | English Teachers |
| To encourage Reading<br>Develop basic reading, writing, listening and speaking skills. | → Divide students into small groups and provide them with short stories and novels.<br>→ Each group reads assigned text and discusses key elements like plot theme, characters<br>→ Encourage students to read aloud and share their interpretations.<br>→ Each group presents a summary of their text. | July | English Teachers. |

| | | | |
|---|---|---|---|
| To develop writing skills introduce grammatical concepts such as parts of speech, tense and sentence structures | practice for simple creative writing tasks like descriptive paragraphs, short-stories and simple poetry.<br>Introducing Ideas like preparing wall magazines, News paper reports<br>→ self dictionary<br>→ poster making<br>→ Designing invitation card<br>→ caption writing competition. | August<br>September<br>October<br>November | English Teachers |
| Language Games. puzzles and activities. | For example, play word association games, Charades, or vocabulary bingo to practice new words and concepts. | December-March. | |

| | | | |
|---|---|---|---|
| Differentiation and Support | Recognize and accommodate the diverse learning needs of students thragh differenstiated instruction. Especially in the case of specially di abled students and gifted learners<br>provide additional support such as<br>→ small group instruction<br>→ tutoring<br>→ peer monitoring<br>→ Remedial programs to help struggling students. | Throughout the year | English club. |
| Assessment and Feedback. | Use a variety of assessment tasks and tools such as | | |

| | | | |
|---|---|---|---|
| | → Quizzes, funny games<br>→ tests, tongue twisters<br>→ Essays, puzzles,<br>→ presentations, spelling games<br>→ Story telling, Drama.<br>→ poem Recitation. etc | | person. |
| Parent Involvement | Encourage parents with expertise in English language teaching to share their knowledge and skills with students and teachers. | | English teacher<br>PTA members<br>and parents. |

# हिंदी अकादमिक मास्टर प्लान

## भूमिका

हर विद्यालय का अपना - अपना स्तर होता है। हमारे विद्यालय में जो साधन उपलब्ध है उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में है। विद्यालय का माहौल और पाठ्य प्रक्रिया को मज़ेदार करके ही हम इस शैक्षिक प्रक्रिया को सफल बना सकेंगे। छात्रों की भागीदारी उसमें होनी चाहिए। कक्षा - कार्य के साथ छात्रों की कला - अभिरुचि को बढ़ावा देना भी ज़रूरी है।

| महीना | गतिविधियाँ |
| --- | --- |
| जून 5<br>पर्यावरण दिवस | पोस्टर |
| जून 19<br>वाचन दिवस | वाचन कार्ड, पोस्टर |
| जून 26<br>विश्व - नशा - निषेध दिवस | पोस्टर, प्रतिज्ञा, नारा, भाषण |

| | |
|---|---|
| जुलाई 31<br>मुंशी प्रेमचंद जयंती | पोस्टर, पैंसिल ड्राइंग |
| अगस्त 15<br>स्वतंत्रता दिवस | पोस्टर, देश भक्ति गीत, संकेतपट |
| सितंबर 5<br>अध्यापक दिवस | भाषण, पोस्टर, टिप्पणी लेखन, प्रश्नोत्तरी, चित्र रचना, कविता रचना, कवितालापन |
| सितंबर 14<br>हिंदी दिवस | |
| अक्तूबर 2<br>गांधी जयंती | पोस्टर, भाषण |
| नवंबर 14<br>बाल दिवस | नेहरू टोपी निर्माण, पोस्टर |
| जनवरी 26<br>गणतंत्र दिवस | पोस्टर, भाषण, ड्राइंग |

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हिंदी भाषा का पोषण करने के लिए विद्यालय में दिनाचरण का पूरा फायदा उठाएँगे।

## अकादमिक मास्टर प्लान

1. छात्रों को स्कूल वातावरण की ओर लाना है।
2. अपनी पसंद के अनुसार पढ़ाई प्रक्रियाँओं में भाग लेने का अवसर देना।
3. ज्ञानवर्धक किताबों का वाचन
4. पिछड़े छात्रों को आगे लाने के लिए प्रक्रिया देना और गतिविधियों को सरल बनाकर देना।
5. विशेष दिनों का आचरण करना।
6. लेखन, वाचन आदि को अधिक अवसर देना।
7. डिजिटल माध्यमों का उपयोग करना।
8. सरल, रसीली, आकर्षक किताबें वाचन करने का अवसर देना।

| | | | |
|---|---|---|---|
| 1. കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുന്നതിന് | പ്രാദേശിക ഭൂപടം തയ്യാറാക്കൽ. ഓരോ ക്ലാസ്സിലും വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കാൻ നിർദേശങ്ങൾ കൊടുക്കുന്നു. | അക്കാദമിക വർഷം June മുതൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 2. മധ്യകാലഘട്ടത്തിലെ ഇന്ത്യയിലെ പ്രമുഖ രാജവംശങ്ങളുമായി ബന്ധപ്പെട്ട രാഷ്ട്രീയ - സാമൂഹിക സാംസ്കാരിക സംഭാവനകളെക്കുറിച്ചും ഭരണസംവിധാനങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിന് | അനുബന്ധക്കുറിപ്പുകൾ, വിവരണങ്ങൾ, ചിത്രങ്ങൾ എന്നിവ വായിച്ച് വിവരങ്ങൾ ശേഖരിക്കുക, കുറിപ്പ്, ആക്ടിവിറ്റി കാർഡ്, വർക്ക്ഷീറ്റ് എന്നിവ തയ്യാറാക്കുന്നു. റിവ്യൂ ക്വിസ് സംഘടിപ്പിക്കുന്നു.<br>* വിവിധ സ്രോതസ്സുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 3. മധ്യകാല ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനങ്ങൾ – സൂഫിപ്രസ്ഥാനം, ഭക്തി ധാരണ ലഭിക്കുന്ന | * ചർച്ച * പോസ്റ്റർ രചന<br>* റോൾപ്ലേ, * ആശയ പടം<br>* ചോദ്യോത്തരപ്പയറ്റ് etc | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ്. |

| | | | |
|---|---|---|---|
| 4. ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയതിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ, അതുപോലെ സവിശേഷതകൾ എന്നിവയെക്കുറിച്ച് ധാരണ ലഭിക്കുന്നതിനും ഭരണഘടനാ പരിഷ്കരണം, ഭേദഗതികൾ എന്നിവയെക്കുറിച്ചുള്ള അവബോധം ആർജിക്കുന്നതിനും തിരിച്ചറിയുന്നതിനും | ഭരണഘടനാ സവിശേഷതകൾ ചരിത്രത്തിൽ ചർച്ചയാകുന്ന സെമിനാർ, ചെക്ക് ലിസ്റ്റ് ബാലാവകാശനിയമം, തൊഴിൽ ൽ ഉൾപ്പെടുത്തുന്നു. നിയമങ്ങൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന വെല്ലുവിളികൾ — ചർച്ച നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽസയൻസ് ക്ലബ്ബ് |
| 5. പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സ്മാരകങ്ങൾ, സംഭവങ്ങൾ, സ്ഥലങ്ങൾ ഇവയെ നേരിട്ട് അറിയാനുള്ള വ്യസ്ഥിതി പരിഹരിക്കുന്നതിന് | ICT യുടെ സഹായത്തോടെ Virtual Lab. * ഭാരത സ്ഥലം, സ്മാരകങ്ങളുടെ Videos കാണിക്കുന്നു. * സാമൂഹ്യശാസ്ത്ര ലൈബ്രറി ഇവ ഉപയോഗിച്ച് പരിചയിക്കുന്നു. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽസയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| 6. ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളുടെ പ്രാധാന്യം, അത് ആചരിക്കേണ്ടതെങ്ങനെയുള്ള ധാരണ ലഭിക്കുന്നതിന് | * വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. * ക്ലാസ്സിൽ സാമൂഹ്യശാസ്ത്ര കോർണർ * വിവിധ അനുഭവങ്ങൾ ജ്ഞാനകരമായ രീതിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 7. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് | * അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുക. * തെരുവ് നാടകം സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 8. പൗരധർമ്മം വളർത്തിയെടുക്കുന്നതിന് | * വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. * school parliament രൂപീകരിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 9. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജി സമരരീതികളുടെ പ്രത്യേകതകളും, സ്വാതന്ത്ര്യവും വിശകലനം ചെയ്യുന്നതിന് | * സെമിനാർ, ക്വിസ്സ് ഉണ്ടാക്കൽ, പോസ്റ്റർ നിർമ്മാണം [illegible] [illegible] | അക്കാദമിക വർഷം | " |

| | | | |
|---|---|---|---|
| 10) ഇന്ത്യയിലും, കേരളത്തിലും, നിലനിന്നിരുന്ന സാമൂഹ്യ അനാചാരങ്ങൾക്കെതിരെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ വഹിച്ച സ്വാധീനം വിലയിരുത്തുന്നതിന് | * സാമൂഹ്യ പരിഷ്കർത്താക്കളുടെ ആൽബം തയ്യാറാക്കൽ, ചുവർ മാഗസിൻ തയ്യാറാക്കുക. സെമിനാർ - സാമൂഹ്യ പരിഷ്കർത്താക്കളും, പരിഷ്കരണ പ്രസ്ഥാനങ്ങളും. * കുറിപ്പ് - ശ്രീവൈകുണ്ഠ [illegible] പ്രവർത്തനങ്ങൾ. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 11) ഗ്രാമ സവിശേഷതകളും, വ്യക്തിയും, കുടുംബവും, പരിസ്ഥിതിയും മാറ്റങ്ങളും തമ്മിലുള്ള പരസ്പര ബന്ധം. | * യോഗാ ദിനാചരണം * നാടൻ വിഭവങ്ങൾ തയ്യാറാക്കൽ * ഭാവനാചിത്രം തയ്യാറാക്കൽ * കുറിപ്പ് തയ്യാറാക്കൽ — ആഴ്ച ചന്ത, സ്ഥിര ചന്ത, വൈകുന്നേര ചന്ത. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 12) മനുഷ്യരുടെ നിലനില്പിന് ഭക്ഷണം അത്യാവശ്യ ഘടകമാണെന്ന് തിരിച്ചറിയുന്നതിന്. | * നാടൻ വിഭവങ്ങൾ തയ്യാറാക്കൽ * ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കൽ etc. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| 13) കൃഷി, പാചകം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും, ഭക്ഷ്യവസ്തുക്കളുടെ ശേഖരണം കൃഷിയിടത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിന് | * കൃഷിയിലേക്ക് നയിച്ച സാഹചര്യങ്ങൾ – ചർച്ച.<br>* ഭക്ഷ്യോൽപാദനം – പ്രവർത്തന കാർഡ്<br>* ഭക്ഷ്യവസ്തുക്കളുടെ ശേഖരം (ചാർട്ട്)<br>ഭക്ഷണത്തിലെ അംശങ്ങൾ – കുറിപ്പ് | അന്താദവിവർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 14) പൊതുവിതരണ സമ്പ്രദായത്തിന്റെ ആവശ്യകത വിലയിരുത്തുന്നതിന് | * സംവാദം വിശകലനം – ഭക്ഷ്യോൽപാദനം<br>* കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രസക്തി – നാണയത്തെക്കുറിച്ച് – ന്യായവില ഷോപ്പുകളും, വിലനിലവാരവും | അന്താദവിവർഷം<br>അന്താദവിവർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ്, |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമാണം | അക്കാദമികവർഷം | ശാസ്ത്രാധ്യാപകർ<br>ഇക്കോ ക്ലബ്<br>സയൻസ് ക്ലബ്<br>ഹെൽത്ത് ക്ലബ് |
| | • കണ്ടറിയാനൊരു യാത്ര<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പ്രകൃതിയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്<br>ഇക്കോ ക്ലബ് |
| | • പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതരായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, ഇക്കോ ക്ലബ് |

| | | | |
|---|---|---|---|
| | (IED കുട്ടികളെ പരിഗണിക്കുന്നു) പഠിക്കാനുള്ള കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | • മാസ്റ്റർ മൈന്റ്<br>ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്<br>ഇക്കോ ക്ലബ്<br>ഹെൽത്ത് ക്ലബ് |
| | • എക്സ്പ്ലോ – എക്സ്പ്ലോർ<br>ആധുനിക ശാസ്ത്രത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ് |
| | • ശാസ്ത്രവിഷയ ചുമർ<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | • ഭക്ഷ്യമേള<br>ഭക്ഷ്യപദാർത്ഥങ്ങളുടെ പോഷക പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനായി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു (IED കുട്ടികളെ പങ്കെടുപ്പിക്കുന്നു)<br>• മുഖാമുഖം<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് |
| | • യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| | • വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ കണ്ടുപിടുത്തങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ, അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 30 പ്രൊജക്ടുകൾ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും അവയുടെ മൈക്രോസ്കോപ്പിക്കളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചുകൊടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് [illegible] ക്ലബ് |

# ഗണിതം

2025-26 അധ്യയനവർഷത്തിൽ കുട്ടികൾ ഗണിതശാസ്ത്രമേഖലയിൽ കൈവരിക്കേണ്ട നേട്ടങ്ങൾ ചർച്ച ചെയ്യുകയും ഗണിതപഠനത്തിൽ പൊതുവായ ചില ലക്ഷ്യങ്ങൾ കണ്ടെത്തുകയും ചെയ്തു. അവ ചുവടെ കൊടുക്കുന്നു :-

- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക
- മറ്റുവിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷികൾ നേടൽ
- കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കൽ
- വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തൽ
- കൃത്യതയോടും സൂക്ഷ്മതയോടും കൂടെ ഗണിതക്രിയകൾ ചെയ്യുന്നതിനുള്ള കഴിവ് വളർത്തൽ
- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിനും അവയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ
- ഗണിതചിന്തയ്ക്ക് ഒപ്പം ഗണനചിന്തയ്ക്കും അവസരമൊരുക്കൽ

# U.P ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരം, പരിഹാരബോധനം മേള | ജൂൺ ജൂലൈ | നോട്ടുബുക്ക്, ചാർട്ട്, മാർക്കർ സ്കെച്ച് | ഗണിതാധ്യാപകർ |
| 2 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഗണിത കിറ്റുകളുപയോഗിച്ചുള്ള പരിശീലനം, ഗണിത വർക്ക്ഷീറ്റ് തുടങ്ങിയവയുടെ സഹായത്താൽ | ജൂൺ - ആഗസ്റ്റ് | എ4 പേപ്പർ, ചാർട്ട് പേപ്പർ | ഗണിതാധ്യാപകർ |
| 3. | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതക്വിസ്, ജ്യോമെട്രിക് ചാർട്ട്, ഗണിതചാർട്ട്, പതാക നിർമ്മാണം, പരിപാടികൾ, ഗണിതം [illegible], ഗണിതപാട്ടുകൾ, ഗണിതം നിത്യജീവിതത്തിൽ, ഗണിത മാഗസിൻ, കുസൃതിക്കണക്കുകൾ, ഗണിതമൂല, ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ ഗണിതോത്സവം | നിരന്തര കാലം | ചാർട്ട് പേന, മാഗസിനുകൾ, [illegible] കടലാസ്, കളർ പേപ്പർ | ഗണിത ശാസ്ത്ര വിദഗ്ധർ |

| | | | | | |
|---|---|---|---|---|---|
| 4 | പ്രശ്നത്തിൽ ധാരണം സാധ്യമാക്കൽ | സമാനമായ പ്രശ്നങ്ങൾ വിവിധ നില വാരത്തിലുള്ളവ പരിശീലിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | A4 paper chart | ഗണിതാധ്യാപിക |
| 5 | ക്രിയാത്മകത, സൂക്ഷ്മത ഉപയോഗങ്ങൾ തെളിയിക്കാനും ചെയ്യാനുള്ള കഴിവ് വികസിപ്പിക്കൽ | ജ്യാമിതീയ പാറ്റേണുകൾ നിർമിക്കുക, പാറ്റേണുകൾ നിർമിക്കുക, പതിപ്പ് തയ്യാറാക്കൽ, ക്രിയാത്മക പരിശീലനം ICT | ജൂൺ മുതൽ ഡിസംബർ വരെ | A4 paper തെരഞ്ഞെടുത്ത പുസ്തകങ്ങൾ | ക്ലബ് അംഗങ്ങൾ ഗണിതാധ്യാപകർ |
| 6. | ബീജഗണിതം ആസ്വാദ്യമാക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു. ബീജഗണിതം ഉൾപ്പെടുന്ന പസ്സിലുകൾ പരിചയപ്പെടുത്തി പ്രശ്നപരിഹാരം നടത്തുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ | A4 paper തെരഞ്ഞെടുത്ത പുസ്തകങ്ങൾ | ഗണിതാധ്യാപകർ |
| 7 | പരീക്ഷ പരിശീലനം | ചോദ്യബാങ്ക് (പാഠഭാഗത്തെ ആശയങ്ങൾ ഉൾക്കൊള്ളുന്ന ചോദ്യങ്ങൾ) തയ്യാറാക്കുന്നു. പരീക്ഷയുടെ ഉത്തരം കുട്ടികൾ സ്വയം വിലയിരുത്തുന്നു. Open Book Exam | നിരന്തര കാലം | A4 paper Note book | ഗണിതാധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 8. | ICT സഹായത്തിലൂടെയുള്ള ഗണിതപഠനം | സമഗ്ര റിസോഴ്സ്, ജിയോജിബ്ര തുടങ്ങിയ സങ്കേതങ്ങളുപയോഗിച്ച് ഗണിതപഠനം നടത്തുന്നു. | ദീർഘ കാലം | Laptop, IT lab | ICT അധ്യാപകർ |
| 9. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ (ആഴ്ചയിൽ ഒരു ദിവസ്) | | ഗണിതാധ്യാപകർ, സമർത്ഥരായ കുട്ടികൾ |
| 10. | രസകരമായ ഗണിതശാസ്ത്ര പഠനവും ഗണിതത്തെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കലും | പ്രവൃത്തി പരിചയം പോലുള്ള പാഠഭാഗത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. വിവിധ ഗണിതരൂപങ്ങളോടൊപ്പം കരിശായി, pen box, ചിത്രങ്ങൾ എന്നിവ ചെയ്യുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | A4 paper, കളർപേപ്പർ, chart | പ്രവൃത്തി പരിചയ അധ്യാപകർ. |

# HS

# വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരക്കാർഡ്<br>• വാക്യക്കാർഡ്<br>• വാക്യനിർമാണം<br>• ചിത്രം - അടിക്കുറിപ്പ്<br>• കഥ എഴുതൽ | 3 മാസം (ജൂലൈ, ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പിടിഎ, അധ്യാപകർ |
| 2 വായന പരിപോഷിപ്പിക്കൽ | • ക്ലാസ് വായനക്കൂട്ടം<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• പത്രവായന<br>• പുസ്തകചർച്ച<br>• വായനാനുഭവം - കുറിപ്പ്<br>• വിദ്യാരംഗം, കലാസാഹിത്യ വേദി പ്രവർത്തനം<br>• ദിനാചരണം<br>• സാഹിത്യ ചർച്ച<br>• വായനക്കുറിപ്പ് | ജൂൺ - ജനുവരി | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | പിടിഎ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3. എഴുത്ത് പരിപോഷിപ്പിക്കൽ | • എഴുത്തുകൂട്ടം<br>• പകർത്തെഴുത്ത്<br>• വായനക്കുറിപ്പ്, പതിപ്പ്<br>• ചുമർ പത്രിക<br>• വ്യക്തിഗതരചന, സംഘരചന | ജൂൺ - ഫെബ്രുവരി | ലൈബ്രറി, പുസ്തകങ്ങൾ, പേപ്പറുകൾ | പിടിഎ, അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ | • പ്രസംഗ പരിശീലന കളരി<br>• പ്രസംഗം തയ്യാറാക്കൽ<br>• ഓഡിയോ, വീഡിയോ | ജൂലൈ - ഡിസംബർ | ഓഡിയോ, വീഡിയോ | പരിശീലകർ, അധ്യാപകർ |
| 5. പ്രധാനപ്പെട്ട ഭാഷാദിനങ്ങൾ ഓർമിപ്പിക്കൽ | • ദിനങ്ങളുടെ പ്രാധാന്യം കണ്ടെത്തൽ<br>• ഭാഷാദിനങ്ങൾ പട്ടികപ്പെടുത്തൽ<br>• ഭാഷാദിനക്കുറിപ്പ്<br>• വായനദിനാചരണം<br>• പതിപ്പ് | ജൂൺ - ഫെബ്രുവരി | പുസ്തകങ്ങൾ, ലൈബ്രറി | പിടിഎ അധ്യാപകർ |

# LITTLE FLOWER HIGH SCHOOL CHEMMALAMATTOM

## EDUCATIONAL DISTRICT-KANJIRAPPALLY

## Implementation Report: Enhancing English Language Skills Project

**Introduction:**

The project aimed to enhance participants' English language skills through a variety of engaging activities. The implementation involved meticulous planning, resource allocation, and coordination to ensure the smooth execution of each component.

**Language Lab:**

A dedicated space was set up with necessary infrastructure such as computer, software, and audio-visual aids. Trained instructors conducted interactive sessions focusing on grammar, vocabulary, pronunciation, and comprehension skills. Regular maintenance ensured uninterrupted functionality of the lab.

**My Vocabulary Register:**

Participants were provided with personalized vocabulary registers to record new words encountered during sessions. Facilitators encouraged regular updating and review of these registers to reinforce learning.

**Fun With Phonetic Symbols:**

Facilitators introduced phonetic symbols through interactive demonstrations and hands-on activities. Participants engaged in pronunciation exercises and games designed to familiarize them with phonetic symbols and their usage.

**Extemporaneous Speech:**

Importance of impromptu speaking was emphasized through practice sessions. Participants were encouraged to speak on various topics with minimal preparation, fostering confidence and spontaneity in verbal communication.

**Thought for the Day:**

Daily inspirational quotes were shared with participants to stimulate thought and discussion. Examples were chosen to provoke reflection and encourage critical thinking.

**Narrate Your Story Session:**

Participants were encouraged to share personal anecdotes and experiences in English. Facilitators provided guidance on storytelling techniques and language usage, fostering creativity and communication skills.

**Introduction to Friends in English:**

Icebreaking activities were organized to help participants feel comfortable communicating in English. Role-playing exercises and group discussions facilitated interaction and confidence building.

**Language Game Workshop Sessions:**

A variety of interactive games and activities were organized to make learning enjoyable. Participants engaged in word games, puzzles, and quizzes designed to reinforce language skills in a fun and engaging manner.

**Expressing Talents:**

Participants were provided with opportunities to showcase their talents through various mediums such as magazine story writing, poetry writing, conversational practice, role play, English skits, and choreography. These activities encouraged creativity and self-expression while reinforcing language skills.

**Google Meet Assembly:**

Virtual gatherings were organized via Google Meet, allowing participants to showcase their talents and interact with peers remotely. These assemblies provided a platform for participants to apply their language skills in a real-world context.

**Conclusion:**

The project culminated in significant improvements in participants' English language proficiency, as evidenced by feedback and assessments. Future plans include expanding the program to reach a wider audience and incorporating additional interactive elements to enhance learning outcomes further.

**Acknowledgments:**

Special thanks are extended to all participants, instructors, and contributors who made the project a success through their dedication and support.

**Appendices:**

Sample materials and participant feedback are included in the appendices for reference and documentation purposes.

**References:**

Resources used for the project are cited in the references section, providing transparency and acknowledgment of sources.

Overall, the implementation of the project was successful in achieving its objectives of enhancing English language skills through innovative and engaging activities. Continued efforts will ensure sustained progress and development in participants' language proficiency.

മേഖല : അക്കാദമികം

ഹിന്ദി

# ഹിന്ദി

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ്.
- ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

## आठवीं कक्षा

| उद्देश्य | गतिविधियाँ | समय |
|---|---|---|
| बच्चों को अक्षर, प्रतीक आदि पहचानने का प्रशिक्षण देता है। उच्चारण का परिचय भी कराता है। | वर्णमाला वाला कार्ड देता है। अक्षरों को ज़ोर से पढ़ने का अभ्यास करवाता है। | जून-जुलाई |
| लिखना, पढ़ना आदि सिखाता है। सप्ताह के अंत में संशोधन करके छात्रों को अंक देता है। | उच्चारण सीखाने के लिए दृश्य-श्रव्य माध्यमों का सहायता लेता है। कक्षा के प्रत्येक छात्र से उनकी जन्मतिथि हिंदी में लिखने के लिए कहता है। हिंदी कैलेंडर तैयार करवाता है। | अगस्त - सितंबर |
| आसानी से हिंदी लिखने और पढ़ने का प्रशिक्षण देता है। | श्रुतलेख, पदसूर्य, प्रश्नोत्तरी आदि उपलब्ध करवाते हैं। चित्र कहानियाँ, कार्टून, छोटी कविताएँ उपलब्ध करवाते हैं। | सितंबर - जनवरी |

नवीं कक्षा और दसवीं कक्षा के लिए

| | | |
|---|---|---|
| हिंदी पढ़ने - लिखने में पिछड़े रहे बच्चे को अधिक प्रशिक्षण ढूँढें और प्रदान करें। | वर्कशीट उपलब्ध करवाते हैं। पढ़ने के लिए चित्र पुस्तकें उपलब्ध करवाते हैं। | जून - जुलाई |
| संज्ञा, सर्वनाम और विशेषण को समझाता है। वाक्य संरचना का परिचय देता है। | सर्वनाम और संज्ञा खोजने की गतिविधि देता हैं। कविता और कहानी पूरी करने के लिए देते हैं। | अगस्त - सितंबर |
| पोस्टर की तैयारी और कविता पढ़कर इस पर टिप्पणी तैयारी करने की सीख। | मॉडल प्रदान किया जाता है। विभिन्न विषय देकर पोस्टर तैयार करवाते हैं और प्रदर्शन का अवसर देते हैं। कविताएँ दी जाती हैं। | दिसंबर - नवंबर |

# സാമൂഹ്യശാസ്ത്രപഠനം.

മനുഷ്യന്റെ സാമൂഹ്യജീവിതം കൈകാര്യം ചെയ്യുകയും അതിന്റെ പഠനത്തിന് ശാസ്ത്രീയരീതി പ്രയോഗിക്കുകയും ചെയ്യുന്ന പഠനശാഖയാണ് സാമൂഹ്യശാസ്ത്രം. മനുഷ്യ ബന്ധങ്ങൾ, സാമൂഹ്യ മനോഭാവങ്ങൾ മൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ പഠിതാക്കളിൽ വളർത്തിയെടുക്കണം. വ്യക്തികൾ തമ്മിലും, വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണവും വിശകലനവും ഇവിടെ നടക്കുന്നു. സമൂഹത്തിന്റെ വികസന പരിണാമങ്ങൾ തിരിച്ചറിഞ്ഞ് സാമൂഹ്യമാറ്റത്തിന് വേണ്ടി പ്രവർത്തിക്കാൻ ആവശ്യമായ ശേഷികൾ കുട്ടികളിൽ ഉറപ്പിച്ചെടുക്കുക എന്നതാണ് സാമൂഹ്യശാസ്ത്രപഠനത്തിന്റെ ലക്ഷ്യമാണ്. 2026-26 അധ്യയന വർഷത്തിൽ കുട്ടികൾ സാമൂഹ്യശാസ്ത്ര പഠനമേഖലയിൽ കൈവരിക്കേണ്ട നേട്ടങ്ങൾ ചർച്ച ചെയ്യുകയും പൊതുവായ ചില ലക്ഷ്യങ്ങൾ കണ്ടെത്തുകയും ചെയ്തു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | ലാബ് സജ്ജീകരിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തുന്നു. സ്കൂളിന് ഒരു ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. SRG യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | PTA, മാനേജ്മെന്റ് |
| ജനാധിപത്യ ബോധം, ദേശീയ ബോധം, സഹകരണ മനോഭാവം വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് പൗരബോധം, സാമൂഹ്യസേവനം ഇവയുമായി പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ ജൂലൈ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | കുട്ടികൾ മാതാപിതാക്കൾ. |
| കുട്ടികളിൽ ഭൂപടം കൈകാര്യം ചെയ്യാനുള്ള താല്പര്യം വർദ്ധിപ്പിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ പ്രവർത്തനങ്ങളായ അറ്റ്ലസ് നിർമ്മാണം. മാപ്പ്, ഗ്ലോബ് എന്നിവ പരിചയപ്പെടൽ, ദിക്കുകൾ നിറങ്ങൾ, സ്കെയിൽ etc. ഇവ മനസിലാക്കുകയും വച്ച് നിർമ്മിച്ച് ഫൈനൽ അറ്റ്ലസ് ഒന്ന് ബുക്ക് ഉണ്ടാക്കുന്നു. | അക്കാദമിക വർഷം മുഴുവനും. | " | കുട്ടികൾ മാനേജ്മെന്റ്. |

| | | | | |
|---|---|---|---|---|
| പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള അറിവ്, സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത. | സെമിനാർ, പ്രൊജക്ട്, ചർച്ചകൾ സംവാദം, ക്വിസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ. | സാമൂഹിക ശാസ്ത്ര അധ്യാപകർ | PTA. |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന ലെവൽ വർദ്ധിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, IT സഹായത്തോടെ കണ്ടെത്തുന്നു. | വർഷം മുഴുവൻ | PTA, സാമൂഹ്യശാസ്ത്ര അധ്യാപകർ. | കുട്ടികൾ സ്കൂൾ. |
| ജനന, രാഷ്ട്രം ഭരണക്രമം തുടങ്ങിയവയെക്കുറിച്ചുള്ള പഠനമാണ് | നിയമ വിദഗ്ധനുമായി കോടതി നടപടികളെക്കുറിച്ച് അറിവും സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ ഹെഡ്മാസ്റ്റർ | PTA കുട്ടികൾ. |

| | | | | |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | പുരാവസ്തു ശേഖരണം. നടത്തുന്നു. നാണയങ്ങൾ, ഉപകരണങ്ങൾ etc. | സെപ്തംബർ | PTA, സോഷ്യൽ സയൻസ് അദ്ധ്യാപകർ. | സ്കൂൾ. |
| സാമൂഹ്യശാസ്ത്ര അധിഷ്ഠിത പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി വളർത്തുക. | ശാസ്ത്രമേളയോടനുബന്ധിച്ച് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കുന്നവയിൽ മികച്ചവ തെരഞ്ഞെടുക്കുന്നു. ലാബിൽ ഉൾപ്പെടുത്തുന്നു. | നവംബർ | സോഷ്യൽ സയൻസ് ക്ലബ്. | കുട്ടികൾ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം. എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രൊജക്ട് etc. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| ചരിത്രകാരന്മാരെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക. | ഡിസംബർ ജനുവരി. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സ്കൂൾ, കുട്ടികൾ |
| വ്യത്യസ്ത ജനങ്ങളെക്കുറിച്ചും, ആശയങ്ങളെക്കുറിച്ചും, കാലഘട്ടങ്ങൾ, സമൂഹങ്ങൾ, പരിവർത്തനങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ രൂപീകരണം ICT ഉപയോഗത്തിലൂടെ കണ്ടും കേട്ടും പഠനം സാധ്യമാക്കുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

വിവിധ സാമൂഹ്യ, സാംസ്കാരിക രാഷ്ട്രീയ സ്ഥാപനങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതികൾ നിരീക്ഷിക്കുന്നതിനും ഉള്ള കഴിവ് കുട്ടികൾ നേടുന്നു. സാമൂഹ്യസാംസ്കാരിക പുനഃസൃഷ്ടിയിൽ അർപ്പണ ബുദ്ധിയോടുകൂടി പങ്കാളികളാകുക മനുഷ്യബന്ധങ്ങളുടെ മൂല്യം തിരിച്ചറിയുക, സാമൂഹിക നൈപുണികളുടെ വികസനത്തിന് അവസരമൊരുക്കുക ശരിയായ സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുതകുന്ന ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ, നൈപുണികൾ എന്നിവ സ്വായത്തമാക്കാൻ ഈ പ്രവർത്തനങ്ങൾ കുട്ടികളെ സഹായിക്കുന്നു.

---

## സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ചെറുപരീക്ഷണങ്ങളിലൂടെ ശാസ്ത്രകൗതുകം വളർത്തുന്നു. മോഡ്യൂൾ നിർമ്മിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം. | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക. | ഊർജ്ജം, ആരോഗ്യം, ശാസ്ത്രക്ലബ്ബുകളുടെ അഭിമുഖ്യത്തിൽ വിവിധ ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാൻ അവസരം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സ്വായത്തമാക്കി | ആധുനിക ശാസ്ത്രലോകത്തിലെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ആനുകാലികനേട്ടങ്ങൾ ഇവ ഉൾപ്പെടുത്തി സ്കൂൾ ശാസ്ത്രോത്സവം. ശാസ്ത്രപാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രവിസ്മയ ചുമർ നിർമ്മാണം. ശാസ്ത്രമേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന | അക്കാദമിക വർഷം. | സയൻസ് അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| ...ബന്ധപ്പെട്ട ...ത്തി ശാസ്ത്ര ...പഠനത്തിന | അദ്ധ്യാപകരുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കൽ. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |
| ...ി പ്രയോജ... ...പ്പെടുത്തു ...ന്നു. | കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന്റെ ഭാഗമായി ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് പോസ്റ്റർ ഗാലറി. | | | |
| പ്രതിഭാശാലികളിൽ ഗവേഷണ താല്പര്യം വർദ്ധിപ്പിക്കുക. | പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്ന YIP, ഇൻസ്പെയർ തുടങ്ങിയ പരിശീലനം. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |
| അന്യംനിന്ന ...ത്യങ്ങൾ വർദ്ധിപ്പിക്കൽ. ...അറിവ് ...നടൽ | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മിക്കൽ. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം. | സയൻസ് അദ്ധ്യാപകർ | PTA |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലബ്ബുകളിൽ ശാസ്ത്രലൈബ്രറി, ശാസ്ത്രമാസിക പ്രസിദ്ധീകരണം. സയൻസ് ലാബ്, ടെക്കി ലാബ് എന്നിവയുടെ പ്രവർത്തനം. | അക്കാദമിക വർഷം. | സയൻസ് അദ്ധ്യാപകർ | PTA |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ ... | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക... |
|---|---|---|---|---|
| ആശയധാരണ ... | ... | | | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുത്ത ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ് | അധ്യാപകർ പി.ടി.എ |
| 6. സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഖ്യാതലവൻ | |
| 7. അധ്യാപകർ കാര്യക്ഷമമായി ചെയ്യേണ്ടതായ ക്ലാസ്സ് മുറിയിലെ തുടർ പ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | ചാർട്ടുകൾ, പഠനോപകരണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ പങ്കുവ് കൈമാറുന്നു. | തുടർ പ്രവർത്തനം. | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| 8. ഗണിതലാബ് | ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ വിവിധ വസ്തുക്കൾ നിർമ്മിച്ച് ഗണിത ലാബിൽ സൂക്ഷിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ | |

| | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 9. ഗണിത മത്സരവേദികളിലേക്ക്, മേളകളിൽ ഉത്കണ്ഠയോടെ വരികുന്നു | ഗണിത ക്ലബ് രൂപീകരിച്ച് ഗണിതത്തിൽ താല്പര്യമുള്ള കുട്ടികളെ ശാസ്ത്രമേളകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു | അക്കാദമിക വർഷം | അധ്യാപകർ | പിടിഎ |
| 10. ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | തന്നെത്തന്നെ കുട്ടികളെ ഉപയോഗപ്പെടുത്തി ബോധ്യപ്പെടുത്തി ശില്പശാല സംഘടിപ്പിച്ച് ഗണിതബോധം വർധിപ്പിക്കൽ | ഇടവേള (2) പ്രാവശ്യം | അധ്യാപകർ മികച്ച കുട്ടികൾ | |
| 11. രക്ഷിതാക്കളെ ബോധവത്കരിക്കുന്നു | മാസത്തിൽ ഒരു പി.ടി.എ നടത്തുന്നു ചുമതലകൾ നൽകുന്നു | | HM) അധ്യാപകരും | പി.ടി.എ പ്രവർത്തകർ |

# ഉപസംഹാരം

ചെമ്മലമറ്റം ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സമഗ്രമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.

| | പ്രവർത്തനങ്ങൾ | കാലം | പങ്കാളികൾ | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | അധ്യാപകർ പി.ടി.എ |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ഉപയോഗം, ശില്പശാലകൾ | തുടർന്ന് | അധ്യാപകർ | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രായോഗ്യപ്പെടൽ | ചുറ്റുപാടുകളിൽ നിന്നും ഗണിതാശയങ്ങൾ കണ്ടെത്തി അവയെ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പി.ടി.എ | പി.ടി.എ. |
| 4. ഗണിതമാഗസിൻ തയ്യാറാക്കൽ | ക്ലബ് പ്രവർത്തനം | 1 മാസം | ക്ലബ് അംഗങ്ങൾ | അധ്യാപകർ |